"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - അഡ്വ. മനോജ് ജി. കൃഷ്ണൻ-നെ എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി പുനർനിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2026/LAW തീയതി, തിരുവനന്തപുരം, 04-03-2026

---

പരാമർശം:-
1. 24.08.2023 തീയതിയിലെ G.O.(Ms)No.87/2023/LAW നമ്പർ ഉത്തരവ്.
2. എറണാകുളം ജില്ലാ കളക്ടറുടെ 12.01.2026 തീയതിയിലെ DCEKM/9402/2022-S5 നമ്പർ കത്ത്.
3. 09/08/2019 തീയതിയിലെ സ.ഉ.(കൈ).നം.68/2019/നിയമം നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി അഡ്വ. മനോജ് ജി. കൃഷ്ണൻ -നെ പരാമർശം (1) പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് പുനർനിയമിച്ചിരുന്നതും ടിയാന്റെ നിയമന കാലാവധി 05.03.2026-ാം തീയതിയിൽ അവസാനിക്കുന്നതുമാണ്. പ്രസ്തുത തസ്തികയിൽ പുനർനിയമനം ലഭിക്കുന്നതിന് ടിയാൻ യോഗ്യനാണെന്ന് എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുള്ളതാകുന്നു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. അഡ്വ. മനോജ് ജി. കൃഷ്ണൻ-നെ 06.03.2026-ാം തീയതി മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ 2023 -ലെ ഭാരതീയ നാഗരിക് സുരക്ഷ സംഹിതയിലെ 18 -ാം വകുപ്പിലെയും, 1978 -ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി പുനർനിയമിച്ച് ഉത്തരവാകുന്നു.

അഡ്വ. മനോജ് ജി. കൃഷ്ണൻ-ന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978 -ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട്

ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും പരാമർശം (3) ഉത്തരവിലെ നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

1. അഡ്വ. മനോജ് ജി. കൃഷ്ണൻ, ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, എറണാകുളം.
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
4. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, എറണാകുളം.
5. ജില്ലാ കളക്ടർ, എറണാകുളം.
6. ശിരസ്തദാർ, ജില്ലാ കോടതി, എറണാകുളം.
7. ജില്ലാ ലാ ഓഫീസർ, എറണാകുളം.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
9. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
10. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
11. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
12. പൊതുഭരണ (എസ്.സി.) വകുപ്പ് (02.03.2026 തീയതിയിലെ ഇനം 3785-ാം നമ്പർ മന്ത്രിസഭാ യോഗ തീരുമാനം).
13. നിയമ സെക്രട്ടറിയുടെ പി. എ.
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
15. നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി. എ.
16. നിയമ (നോഡൽ) വകുപ്പ്
17. നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്
18. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (INS-B1/10/2026-LAW).

ഉത്തരവിൻ പ്രകാരം

Signed by
Geetha T
സെക്ഷൻ ഓഫീസർ.
Date: 04-03-2026 18:10:19

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. 10/ഇൻസ്‌പെ.ബി1/2026/നിയമം. ഇനം നം: 3785

വിഷയം : നിയമ വകുപ്പ് - എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയ ശ്രീ. മനോജ് ജി കൃഷ്ണന്റെ പുനർനിയമനം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

3785

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| ഫയൽ നമ്പർ | : | നം.10/ഇൻസ്പെ.ബി1/2026/നിയമം. |
| വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്. |
| വിഷയം | : | എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയ ശ്രീ. മനോജ് ജി. കൃഷ്ണൻ -ന്റെ പുനർനിയമനം - സംബന്ധിച്ച്. |
| മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.02.2026 |
| (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/02/2026 |
| കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/02/2026 |
| കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26/02/2026 |
| കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/02/2026 |
| മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയ ശ്രീ. മനോജ് ജി. കൃഷ്ണൻ- നെ പുനർനിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 24.08.2023 -ലെ സ.ഉ.(കൈ)നം.87/2023/നിയമം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. മനോജ് ജി. കൃഷ്ണൻ -നെ 06.03.2023 തീയതി മുതൽ മൂന്നു വർഷക്കാലയളവിലേക്ക് എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി പുനർനിയമിച്ചിരുന്നു. ടിയാന്റെ നിയമന കാലാവധി 05.03.2026-ാം തീയതിയിൽ അവസാനിക്കുന്നതാണ്. 12.01.2026-ാം തീയതിയിലെ DCEKM/9402/2025-S5 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർ ശ്രീ. മനോജ് ജി. കൃഷ്ണന്റെ പുനർനിയമനത്തിനുള്ള അപേക്ഷ ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ, 08.12.2025 തീയതിയിലെ A2-23981/2025 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ ജഡ്ജി ടിയാന്റെ പുനർനിയമനം ശിപാർശ ചെയ്തിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതാണ്. 1978 -ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പോലീസ് മേധാവിയും 30.12.2025 തീയതിയിലെ D2-72188/2025/E നമ്പർ കത്ത് മുഖേന ടിയാന്റെ പുനർനിയമനം ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 9-ാം ചട്ട പ്രകാരം ജില്ലാ ഗവൺമെന്റ് പ്ലീഡർമാരെ 3 വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്. പ്രസ്തുത ചട്ട പ്രകാരം ടി സർക്കാർ അഭിഭാഷകരെ വീണ്ടും 3 വർഷ കാലയളവിലേയ്ക്ക് പുനർ നിയമിക്കാവുന്നതാണ്.

4. ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതും അവരെ പുനർനിയമിക്കുന്നതും മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. 08.12.2025 തീയതിയിലെ A2-23981/2025 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ ജഡ്ജി, എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ

ആയ ശ്രീ. മനോജ് ജി. കൃഷ്ണന്റെ പുനർനിയമനം ശിപാർശ ചെയ്തിട്ടുള്ളതാണ്. 09/08/2019 തീയതിയിലെ സ.ഉ.(കൈ).നം.68/2019/നിയമം നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചാണ് എറണാകുളം ജില്ലാ കളക്ടർ എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയ ശ്രീ. മനോജ് ജി. കൃഷ്ണന്റെ പുനർനിയമനത്തിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്.

6. അപ്രകാരം, ശ്രീ. മനോജ് ജി. കൃഷ്ണൻ-നെ എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആയി 06.03.2026 തീയതി മുതൽ പ്രാബല്യത്തിൽ 3 വർഷ കാലയളവിലേക്കോ അല്ലെങ്കിൽ ടിയാന് 60 വയസ്സ് പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമനം നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ബഹു. മുഖ്യമന്ത്രി, 24/02/2026 തീയതിയിൽ പ്രസ്തുത വിഷയം അടുത്ത മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാൻ ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

ശ്രീ. മനോജ് ജി. കൃഷ്ണൻ -നെ 06.03.2026-ാം തീയതി മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി പുനർനിയമിക്കാവുന്നതാണോ?